പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5878

19-11-2019 ൽ മറുപടിക്ക്

## പൊതുമേഖലാ സ്ഥാപനങ്ങളുടെ സംരക്ഷണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.കെ. ബഷീർ | ശ്രീ. ഇ.പി. ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| എ) വ്യവസായ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിന് സ്വീകരിച്ച നടപടികളും ആവിഷ്കരിച്ച പദ്ധതികളും എന്തെല്ലാമെന്ന് വിശദമാക്കുമോ ; | എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വ്യവസായ വകുപ്പിൻെറ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിൻെറ ഭാഗമായി ഉൽപ്പാദന സംവിധാനങ്ങളുടെയും, സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം, വിപുലീകരണം എന്നിവയ്ക്കായി സ്ഥാപനങ്ങളുടെ പ്രവർത്തന മേഖലയ്ക്ക് അനുയോജ്യമായ നൂതനമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. ഇലക്ട്രിക് മുച്ചക്ര വാഹന നിർമ്മാണത്തിനുള്ള എല്ലാ നടപടികളും പൂർത്തീകരിച്ച് വ്യാവസായികാടിസ്ഥാനത്തിൽ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ഇലക്ട്രിക് വാഹനങ്ങൾക്കായുള്ള ചാർജ്ജിംഗ് സംവിധാനങ്ങൾ മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ നിർമ്മാണ പദ്ധതികളും ആവിഷ്ക്കരിച്ചു വരുന്നു. വി.എസ്.എസ്.സി/ഐ.എസ്.ആർ.ഒ എന്നിവയ്ക്ക് സ്പേസ് ഇലക്ട്രോണിക്സുമായി ബന്ധപ്പെട്ടും, പ്രതിരോധമേഖലയ്ക്കും ആശ്യവമായവ വളരെ കൃത്യതയോടെ നിർമ്മിക്കേണ്ട |

ഉപകരണങ്ങളുടെയും അനുബന്ധ ജോലികളും ചെയ്യുന്നതിനായി ഇലക്ട്രോണിക്സ്, എഞ്ചിനീയറിംഗ് മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ സജ്ജമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി ബഡ്ജറ്റിൽ നിന്നും കൂടുതൽ ധനസഹായവും സർക്കാർ അനുവദിച്ചുവരുന്നുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓരോ മാസത്തേയും പ്രവർത്തനം അവലോകനം ചെയ്തുവരുന്നുണ്ട്. കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇന്റേണൽ ആഡിറ്റ് സംവിധാനവും, സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് സംവിധാനവും പ്രത്യേക അവലോകനത്തിന് വിധേയമാക്കി ഇവയുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തുന്നതിനായി കൃത്യമായ അവലോകനം നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു. ഓരോ സ്ഥാപനങ്ങളേയും പ്രത്യേകം പ്രവർത്തന അവലോകത്തിനു വിധേയമാക്കുന്നതിനാൽ പ്രവർത്തന സംബന്ധമായ പല പ്രശ്നങ്ങൾക്കും സമയോചിതമായി തന്നെ പരിഹാരം കണ്ടെത്തുവാൻ കഴിഞ്ഞു. പൊതുമേഖലാ സ്ഥാപനങ്ങളുടെ സമഗ്ര വികസനത്തോടൊപ്പം തന്നെ മാനേജിംഗ് ഡയറക്ടർമാരുടേയും ജീവനക്കാരുടേയും കഴിവുകൾ വികസിപ്പിക്കുന്നതിനും കൂടുതൽ പ്രാപ്തരാക്കുന്നതിനും വേണ്ടി റിയാബിന്റെ നേതൃത്വത്തിൽ വിവിധ തലത്തിലുള്ള പരിശീലനപരിപാടികളും നടത്തി വരുന്നു.

ബി) സംസ്ഥാനത്ത് നിലവിൽ പ്രവർത്തിച്ചുവരുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ കഴിഞ്ഞ മൂന്ന് വർഷമായി ലാഭത്തിൽ പ്രവർത്തിക്കുന്നവ എത്രയെന്നും നഷ്ടത്തിൽ പ്രവർത്തിക്കുന്നവ

ബി) സംസ്ഥാനത്ത് നിലവിൽ പ്രവർത്തിച്ചുവരുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ കഴിഞ്ഞ മൂന്ന് വർഷമായി ലാഭത്തിൽ പ്രവർത്തിക്കുന്നവയുടെയും നഷ്ടപ്രവർത്തിക്കുന്നവയുടെയും വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

എത്രയെന്നും അറിയിക്കുമോ ;

| | |
|---|---|
| സി) സംസ്ഥാനത്തെ വിവിധ പൊതുമേഖലാ സ്ഥാപനങ്ങളെ സംയോജിപ്പിച്ച് പ്രവർത്തനക്ഷമത ഉയർത്തി ലാഭം വർദ്ധിപ്പിക്കുന്നതിനും നഷ്ടം കുറയ്ക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ഇതിലേക്കായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; | സി) ലഭ്യമായ വിവരമനുസരിച്ച് അത്തരത്തിലുള്ള ശിപാർശ ഇപ്പോൾ നിലവിലില്ല. |
| ഡി) വ്യവസായ വകുപ്പിൻ കീഴിലുള്ള പരമ്പരാഗത വ്യവസായങ്ങളുടെ സംരക്ഷണത്തിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വെളിപ്പെടുത്തുമോ? | ഡി) കേരള സംസ്ഥാന കരകൗശല വികസന കോർപ്പറേഷൻ മുഖേന കരകൗശല തൊഴിലാളികൾക്ക് സൗജന്യ ടൂൾകിറ്റ് വിതരണം, ആധുനിക സാങ്കേതിക വിദ്യാ പരിശീലനം എന്നിവ നൽകുന്നതിലൂടെയും പൊതുസേവന കേന്ദ്രങ്ങളിലൂടെ കൈത്തൊഴിൽ വായ്പ നൽകിയും ഓൺലൈൻ വിപണനം, പ്രദർശനങ്ങൾ എന്നിവയിലൂടെയും കരകൗശല മേഖലയെ സംരക്ഷിക്കുവാൻ ശ്രമിക്കുന്നു.<br><br>കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന കൈത്തൊഴിൽ ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനായി സർവ്വീസ് ആന്റ് സപ്ലൈ സ്കീം നടപ്പാക്കിവരുന്നു. ഗ്രാമപഞ്ചായത്ത് ഓഫീസ് നവീകരണം, ക്ലാസ്റ്റർ നവീകരണം എന്നിവയിലൂടെ ആർട്ടിസാൻമാർക്ക് തൊഴിലവസരം സൃഷ്ടിച്ചിട്ടുണ്ട്.<br><br>ബാംബൂ കോർപ്പറേഷൻ മുഖേന ഈറ്റ- പനമ്പ് തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പാക്കിയും പനമ്പിന്റെ സംഭരണ വില പുതുക്കി നിശ്ചയിച്ചും സ്ലീവറിംഗ് യൂണിറ്റുകൾ സ്ഥാപിച്ചും ഫ്ളാറ്റൻഡ് ബാംബൂ ബോർഡ്, ബാംബൂ ഫ്ളോറിംഗ് ടൈൽസ് എന്നിവ നിർമ്മിച്ചും മുള |

വ്യവസായത്തെ സംരക്ഷിക്കുവാൻ ശ്രമിക്കുന്നുണ്ട്.

കേരള ഖാദി വ്യവസായ ബോർഡ് മുഖേന ചർക്കകളുടേയും തറികളുടേയും പരിഷ്കരണം, ഉല്പാദന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം, ഖാദി ഗ്രാമപദ്ധതി എന്നിവയിലൂടെ ഖാദി മേഖലയെ സംരക്ഷിക്കുന്നുണ്ട്. കൂടാതെ ബീഡി വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി ബീഡി സഹകരണ മേഖലയിൽ വൈവിദ്ധ്യ വൽക്കരണം നടപ്പാക്കിവരുന്നു.

സെക്ഷൻ ഓഫീസർ

വ്യവസായ വകുപ്പിന്റെ അധീനതയിൽ 2016-17 മുതൽ 2018-19 വരെയുള്ള മൂന്ന വർഷക്കാലയളവിൽ തുടർച്ചയായി പ്രവർത്തന ലാഭത്തിലും നഷ്ടത്തിലും പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു. അനുബന്ധം

Rs.in Lakhs

| Sl.No | Company | Operating Profit/Loss | | |
|---|---|---|---|---|
| | | 2016-17 | 2017-18 | 2018-19 |
| **Continous profit making units** | | | | |
| 1 | The Kerala Minerals and Metals Ltd | 4,988.25 | 17,402.27 | 16,016.15 |
| 2 | Travancore-Cochin Chemicals Ltd | 1,308.08 | 4,637.90 | 3,949.38 |
| 3 | Travancore Titanium Products Ltd | 1,632.09 | 2,818.48 | 2,725.90 |
| 4 | Transformers and Electricals Kerala Ltd | 982.21 | 398.97 | 449.17 |
| 5 | Forest Industries (Travancore) Ltd | 136.99 | 139.60 | 151.32 |
| 6 | Steel Industrials Kerala Ltd | 27.67 | 135.75 | 191.95 |
| 7 | Kerala Artisans' Development Corporation | 74.66 | 93.08 | 147.58 |
| 8 | Keltron Electro Ceramics Ltd | 147.71 | 80.81 | 15.81 |
| **Continous loss making units** | | | | |
| 1 | KELPALM | -7.65 | -15.75 | -4.75 |
| 2 | Trivandrum Spinning Mills Ltd | -106.53 | -88.65 | -129.34 |
| 3 | The Malappuram Co-operative Spinning Mills Ltd. | -283.18 | -234.39 | -160.04 |
| 4 | Malcotex | -154.00 | -234.86 | -205.32 |
| 5 | Alleppey Co-operative Spinning Mills Ltd | -215.00 | -254.13 | -208.93 |
| 6 | The Cannannore Co-operative Spinning Mills Ltd | -330.35 | -278.22 | -284.42 |
| 7 | Sitaram Textiles Ltd | -214.00 | -303.00 | -285.51 |
| 8 | Handicrafts Development Corporation (Kerala) Ltd | -450.80 | -332.06 | -352.45 |
| 9 | Priyadarshini Co-operative Spinning Mills | -319.16 | -368.12 | -309.22 |
| 10 | Kerala Clays and Ceramic Products Ltd | -379.94 | -408.78 | -344.48 |
| 11 | The Trichur Co-operative Spinning Mills Ltd | -434.91 | -465.00 | -399.81 |
| 12 | The Quilon Co-operative Spinning Mills Ltd | -494.56 | -469.21 | -448.86 |
| 13 | Kerala State Bamboo Corporation Ltd | -709.40 | -546.58 | -656.70 |
| 14 | Kerala Automobiles Ltd | -538.08 | -574.24 | -323.21 |
| 15 | The Travancore Cements Ltd | -705.00 | -789.00 | -644.46 |
| 16 | SAIL-SCL Kerala Ltd | -699.64 | -828.31 | -355.04 |
| 17 | Kerala Small Industries Development Corporation Ltd | -1,854.51 | -852.33 | -15.24 |
| 18 | Kerala State Handloom Development Corporation Ltd | -347.94 | -976.31 | -621.96 |
| 19 | Autokast Ltd | -513.16 | -1,262.38 | -801.30 |
| 20 | Kerala Electrical and Allied Engineering Company Ltd | -613.99 | -1,583.19 | -695.00 |
| 21 | Kerala State Textile Corporation Ltd | -1,668.88 | -1,769.47 | -1,511.08 |

സെക്ഷൻ ഓഫീസർ.